"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- ഹയർ സെക്കൻഡറി - 2016-17, 2017-18 അധ്യയന വർഷങ്ങളിൽ ഹയർ സെക്കൻഡറി കോഴ്സ് അനുവദിച്ച് പ്രവർത്തനമാരംഭിച്ച 3 എയ്ഡഡ് സ്കൂളുകളിൽ തസ്തിക സൃഷ്ടിച്ച്/അപ്ഗ്രേഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്**

**സ.ഉ.(കൈ) നം.129/2021/പൊ.വി.വ** തിയതി,തിരുവനന്തപുരം, 26/02/2021

---

പരാമർശം:- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 29.06.2020 ലെ എസിഡി.സി3/ 142942/2019/എച്ച്.എസ്.ഇ നമ്പർ കത്ത്

**ഉത്തരവ്**

2016-17, 2017-18 അധ്യയന വർഷങ്ങളിൽ ഹയർ സെക്കൻഡറി കോഴ്സ് അനുവദിച്ച് പ്രവർ ത്തനമാരംഭിച്ച കാർഡിനാൽ ഹയർ സെക്കൻഡറി സ്കൂൾ, തൃക്കാക്കര; വളാഞ്ചേരി ഹയർ സെക്കൻഡറി സ്കൂൾ, വളാഞ്ചേരി; ശ്രീ.സേതു പാർവതി ഹയർ സെക്കൻഡറി സ്കൂൾ കടയ്ക്കാവൂർ എന്നീ എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ മതിയായ എണ്ണം കുട്ടികൾ പ്രവേശനം നേടിയിട്ടില്ലാത്തതിനാൽ തസ്തിക അനുവദിച്ചിരുന്നില്ല. പ്രസ്തുത സ്കൂളുകളിൽ ആവശ്യമായ തസ്തിക അനുവദിക്കണമെന്ന് സ്കൂൾ മാനേജ്മെന്റുകൾ ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർച്ചയായ അവസാന മൂന്ന് അധ്യയന വർഷങ്ങളിൽ ഒരു ബാച്ചിൽ മിനിമം 5 0 കുട്ടികൾ വീതം പ്രസ്തുത സ്കൂളുകളിൽ പ്രവേശനം നേടിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തസ്തിക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശത്തിലെ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

2. പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്കൂളുകൾക്ക് വേണ്ടി ചുവടെ ചേർത്തിട്ടുള്ള പട്ടിക പ്രകാരം 21 തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും 4 തസ്തികകൾ അപ്ഗ്രേഡ് ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl.No | Name of School | Name and number of Posts created | | | | Total Posts |
|---|---|---|---|---|---|---|
| | | HSST Junior<br><br>(32300-68700) | HSST<br><br>(39500-83000) | Principal<br><br>(45800-89000) | Upgradation | |
| 1 | Cardinal HSS Thrikkakara( 7046) | English-1 | Business Studies & Accountancy -1 | | Malayalam-1<br><br>Business Studies & Accountancy -1<br><br>Computer Science/ Application-1<br><br>Economics-1 | |
| | Total | 1 | 1 | Nil | 4 | 6 |
| 2 | Valanchery Girls HSS, Valanchery<br><br>( 11257) | Malayalam-1<br><br>Urdu-1<br><br>Economics-1<br><br>Business Studies & Accountancy -1 | English-1<br><br>History-1<br><br>Economics-1<br><br>Political Science -1<br><br>Psychology-1<br><br>Computer Science/ Application-1<br><br>Business Studies & Accountancy -1 | 1 | | |
| | Total | 4 | 7 | 1 | Nil | 12 |

| | | | | | | |
|---|---|---|---|---|---|---|
| 3 | Sree Sethuparvathy HSS, Kadakkavur(1181) | English-1<br><br>Malayalam-1 | Sociology-1<br><br>Journalism-1<br><br>Communicative English-1<br><br>Computer Application-1 | 1 | | |
| | Total | 2 | 4 | 1 | Nil | 7 |
| | **G. Total** | **7** | **12** | **2** | **4** | **25** |
| | | | | | | |

3. മേൽ പറഞ്ഞിട്ടുള്ള തസ്തികകളുടെ ക്ൃത്യത ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ  സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുക്കുന്ന യോഗ്യരായ ഉദ്യോഗാർഥികളെ മാത്രമായിരിക്കണം  ടി തസ്തികകളിൽ  നിയമിക്കേണ്ടത്. ഈ തസ്തികകളിൽ നിയമിക്കപ്പെടുന്നവർക്ക് മുൻകാല നിയമനപ്രാബല്യം ഉണ്ടായിരിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാൻ**

**സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ,ഹയർ സെക്കൻഡറി വിദ്യാഭ്യാസം,

തിരുവനന്തപുരം/എറണാകുളം/മലപ്പുറം

മാനേജർ, കാർഡിനാൽ ഹയർ സെക്കൻഡറി സ്കൂൾ, തൃക്കാക്കര,എറണാകുളം

മാനേജർ, വളാഞ്ചേരി ഹയർ സെക്കൻഡറി സ്കൂൾ, വളാഞ്ചേരി, മലപ്പുറം

മാനേജർ, ശ്രീ.സേതു പാർവതി ഹയർ സെക്കൻഡറി സ്കൂൾ കടയ്ക്കാവൂർ,

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ,(ആഡിറ്റ്) തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ,(എ&ഇ) തിരുവനന്തപുരം

പൊതുഭരണ (എസ്.സി) വകുപ്പ് [ഇനം4827 നമ്പർ   തീയതി 24.02.2021 ]

ധനകാര്യ വകുപ്പ് [നം.ഇഡിഎൻ. ബി1/287/2020-ഫിൻ തീയതി 16.02.2021]

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

4827

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നംപർ | : | എൻ2/ 159/ 2020/ പൊ.വി.വ |
| 2 | വകുപ്പ് | : | പൊതുവിദ്യാഭ്യാസ(എൻ) വകുപ്പ് |
| 3 | വിഷയം. | : | 2016-17, 2017-18 അധ്യയന വർഷം ഹയർ സെക്കൻഡറി കോഴ്സ് അനുവദിച്ച് പ്രവർത്തനമാരംഭിച്ച 3 എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ പുതുതായി തസ്തിക സൃഷ്ടിക്കുന്നതും അപ്ഗ്രേഡ് ചെയ്യുന്നതും സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 20/ 02/ 2021 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | | അതേ, ഉണ്ട്. |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | : | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ലോല. പി. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.എ. ഷാജഹാൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22.02.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ: വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23.02.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 23.02.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 23.02.2021 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നംപരും തീയതിയും | | |

Scanned by CamScanner

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

2016-17, 2017-18 അധ്യയന വർഷങ്ങളിൽ ഹയർ സെക്കൻഡറി കോഴ്സ് അനുവദിച്ച് പ്രവർത്തനമാരംഭിച്ച 3 സ്കൂളുകൾക്ക് വേണ്ടി 21 തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതും 4 തസ്തികകൾ അപ്ഗ്രേഡ് ചെയ്യുന്നതും സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2) 2016-17, 2017-18 അധ്യയന വർഷങ്ങളിൽ ഹയർ സെക്കൻഡറി കോഴ്സ് അനുവദിച്ച് പ്രവർത്തനമാരംഭിച്ച ശ്രീസേതു പാർവതി ഹയർ സെക്കൻഡറി സ്കൂൾ കടയ്ക്കാവൂർ, കാർഡിനാൽ ഹയർ സെക്കൻഡറി സ്കൂൾ, തൃക്കാക്കര, വളാഞ്ചേരി ഹയർ സെക്കൻഡറി സ്കൂൾ, വളാഞ്ചേരി എന്നീ എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ ആവശ്യമായ തസ്തിക അനുവദിക്കണമെന്ന് സ്കൂൾ മാനേജ്മെന്റുകൾ നിരന്തരം ആവശ്യപ്പെട്ടിരുന്നു ആയതിന്റെ അടിസ്ഥാനത്തിൽ അവസാന മൂന്ന് അധ്യയന വർഷങ്ങളിൽ അതായത് ഒരു ബാച്ചിൽ മിനിമം 50 കുട്ടികൾ പ്രസ്തുത സ്കൂളുകളിൽ പ്രവേശനം നേടിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തസ്തിക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച മേൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും/അപ്ഗ്രേഡ് ചെയ്യുന്നതിനുമായി 1,28,49,120/-രൂപയുടെ സാമ്പത്തിക ബാധ്യതയുള്ളതായും അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിട്ടുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനും അപ്ഗ്രേഡ് ചെയ്യുന്നതിനും ശുപാർശ ചെയ്ത് അനുമതിക്കായി ഫയൽ ധനകാര്യ വകുപ്പിലേക്ക് അയച്ചു

| Sl.No | Name of School | Name and number of Posts to be created | | | | Total Posts |
|---|---|---|---|---|---|---|
| 1 | | HSST Junior (32300-68700) | HSST (39500-83000) | Principal (45800-89000) | Upgradation | |
| 1 | Cardinal HSS Thrikkakkara( 7046) | English-1 | Business Studies & Accountancy -1 | | Malayalam-1<br>Business Studies & Accountancy -1<br>Computer Science/ Application-1<br>Economics-1 | |

Scanned by CamScanner

| | | | | | | |
|---|---|---|---|---|---|---|
| | Total | 1 | 1 | Nil | 4 | 6 |
| 2 | Valacnherry Girls HSS, Valancherry ( 11257) | Malayalam-1<br>Urdu-1<br>Economics-1<br>Business Studies & Accountancy -1 | English-1<br>History-1<br>Economics-1<br>Political Science-1<br>Psychology-1<br>Computer Science/ Application-1<br>Business Studies & Accountancy -1 | 1 | | |
| | Total | 4 | 7 | 1 | Nil | 12 |
| 3 | Sree Sethuparvathy HSS, Kadakkavur(1181) | English-1<br>Malayalam-1 | Sociology-1<br>Journalism-1<br>Communicative English-1<br>Computer Application-1 | 1 | | |
| | Total | 2 | 4 | 1 | Nil | 7 |
| | **G. Total** | **7** | **12** | **2** | **4** | **25** |
| | | | | | | |

3) പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ച ധനകാര്യ വകുപ്പ്, ഈ വകുപ്പ് ശിപാർശ ചെയ്തിട്ടുള്ള മേൽ തസ്തികകൾ അനുവദിക്കുന്നതായി അഭിപ്രായപ്പെട്ട ബഹു.ധനകാര്യവകുപ്പ മന്ത്രി, ബഹു.വിദ്യാഭ്യാസ വകുപ്പ മന്ത്രിയ്ക്ക് ലഭ്യമാക്കിയ ഫയലിൽ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു: മുഖ്യമന്ത്രി ഉത്തരവായി.

## <u>തീരുമാനിക്കേണ്ട സംഗതി</u>

ധനകാര്യവകുപ്പ് അഭിപ്രായപ്പെട്ടതു പ്രകാരം 2016-17,2017-18 അധ്യയന വർഷങ്ങളിൽ ഹയർ സെക്കൻഡറി കോഴ്സ് അനുവദിച്ച് പ്രവർത്തനമാരംഭിച്ച 1)കാർഡിനാൽ ഹയർ സെക്കൻഡറി സ്കൂൾ, തൃക്കാക്കര, 2)വളാഞ്ചേരി ഹയർ സെക്കൻഡറി സ്കൂൾ, വളാഞ്ചേരി, 3)ശ്രീ.സേതു പാർവതി ഹയർ സെക്കൻഡറി സ്കൂൾ കടയ്ക്കാവൂർ എന്നീ മൂന്ന് എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകൾക്ക് വേണ്ടി മേൽ വിവരിച്ചിട്ടുള്ള 21 തസ്തികകൾ പുതുതായി സൃഷ്ടിക്കുകയും 4 തസ്തികകൾ അപ്ഗ്രേഡ് ചെയ്യുകയും ചെയ്യാമോ?

Scanned by CamScanner

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 24-02-2021**

ഫയൽ നം. എൻ2/159/2020/പൊ.വി.വ.  ഇനം നം: 4827

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - 2016-17, 2017-18 അധ്യയന വർഷം ഹയർ സെക്കൻഡറി കോഴ്സ് അനുവദിച്ച് പ്രവർത്തനമാരംഭിച്ച 3 എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ പുതുതായി തസ്തിക സൃഷ്ടിക്കുന്നതും അപ്ഗ്രേഡ് ചെയ്യുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

24/2/2021

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

Scanned by CamScanner